File No.GEDN-U1/321/2019-G.EDN

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - വയനാട് ജില്ലയിലെ തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ (ഇക്കണോമിക്സ്) അധ്യാപകനായ ശ്രീ. പി.എം. മുഹമ്മദ് ഹനീഫ-യെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

G.O.(Rt)No.3359/2019/GEDN തീയതി,തിരുവനന്തപുരം, 21/08/2019

---

പരാമർശം:- 1. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ 19.08.2019-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ച ബി.2/7886/19 നമ്പർ കത്ത്.

2. തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 19.08.2019-ൽ അയച്ച കത്ത്.

ഉത്തരവ്

വയനാട് ജില്ലയിലെ തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ (ഇക്കണോമിക്സ്) അധ്യാപകനായ ശ്രീ. പി.എം. മുഹമ്മദ് ഹനീഫ 15.08.2019-ൽ സ്കൂൾ ശുചീകരണം നടക്കുന്ന സമയത്ത് ടി സ്കൂളിലെ ഒരു എസ്.സി വിഭാഗം വിദ്യാർത്ഥിനിയോട് അപമര്യാദയായി പെരുമാറിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ 17.08.2019 തീയതിയിൽ The Protection of Children from Sexual Offence Act, 2012, Scheduled Caste and Scheduled Tribes (Prevention of Atrocities) Act, 1989 (Amendment 2015), IPC 1860 (341, 354-A വകുപ്പുകൾ) എന്നി വകുപ്പുകൾ പ്രകാരം അറസ്റ്റ് ചെയ്യുകയും ടി ദിവസം തന്നെ ജാമ്യം ലഭിക്കുകയും ചെയ്തു. ആയത് സ്കൂളിലെ മറ്റു കുട്ടികൾ പ്രതിഷേധം ഉയർത്തുന്നതിനാൽ ടിയാൻ ടി സ്കൂളിൽ സർവ്വീസിൽ തുടരുന്നത് അനിഷ്ടസംഭവങ്ങൾക്ക് സാധ്യതയുള്ളതായി പരാമർശം (1) പ്രകാരം കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

2, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ തൃശ്ശിലേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഇക്കണോമിക്സ് അധ്യാപകനായ ശ്രീ. പി.എം. മുഹമ്മദ് ഹനീഫ The Protection of Children from

File No.GEDN-U1/321/2019-G.EDN

Sexual Offence Act, 2012, Scheduled Caste and Scheduled Tribes (Prevention of Atrocities) Act, 1989 (Amendment 2015), IPC 1860 (341, 354-A വകുപ്പുകൾ) എന്നീ വകുപ്പുകൾ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതിനാൽ ക്രിമിനൽ കേസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. ടിയാൾ പ്രസ്തുത സ്കൂളിൽ തുടരുന്നതിൽ സ്കൂൾ കുട്ടികൾ ശക്തമായി പ്രതിഷേധം തുടരുന്നതിനാൽ അനിഷ്ടസംഭവങ്ങൾക്ക് സാധ്യതയുമുള്ള സാഹചര്യത്തിൽ ശ്രീ. പി.എം. മുഹമ്മദ് ഹനീഫ-യെ കെ.സി.എസ് ആന്റ് സിസിഎ (റൂൾ 15) പ്രകാരം കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ചട്ടപ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് ടിയാൻ അർഹനാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
KRISHNADASAN.P
DEPUTY SECRETARY

പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം.
ശ്രീ. പി.എം. മുഹമ്മദ് ഹനീഫ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്), ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, തൃശ്ശിലേരി, വയനാട്. (ഡയറക്ടർ മുഖേന)
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

No: Adc4/158702/HSc/2019, dated : 21/8/2019

Forwarded herewith for further necessary action

[signature]
Senior Administrative Officer